**മാവേലിക്കര മണ്ഡലത്തിലെ നിലാവ് പദ്ധതി**

197(5356) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽ നിലാവ് പദ്ധതിയിൽ ഉൾപ്പെടുത്തി സ്ഥാപിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളതും പൂർത്തീകരിച്ചതുമായ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.* ആവശ്യമായ എൽ.ഇ.ഡി. ബൾബുകൾ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ; പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നറിയിക്കാമോ?

ഉദ്ദേശിച്ചിട്ടുള്ളതും പൂർത്തീകരിച്ചതുമായ എൽ.ഇ.ഡി. സ്ട്രീറ്റ് ലൈറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.* ആവശ്യമായ എൽ.ഇ.ഡി. ബൾബുകൾ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**പ്രസരണ നഷ്ടവും വൈദ്യുതി മോഷണവും തടയാൻ നടപടി**

198(5357) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസരണ നഷ്ടം, വൈദ്യുതി മോഷണം എന്നിവ തടയാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നത്; അറിയിക്കാമോ;

(ബി) ഇതിനായി സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും ഫലപ്രദമാണോ; അല്ലെങ്കിൽ ആവശ്യമായ പുതിയ നടപടികൾ സ്വീകരിക്കുമോ യെന്നറിയിക്കുമോ?

(എ&ബി) വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിനായി വിശദമായ സാങ്കേതിക പഠനത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ സ്ഥലങ്ങളിൽ പുതിയ സബ്സ്റ്റേഷനുകളും അനുബന്ധ ലൈനുകളും സ്ഥാപിക്കുക, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും വോൾട്ടേജ് നിലവാരം ഉയർത്തുകയും

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക. ലൈനുകളിലെ ശേഷി കുറഞ്ഞ കണ്ടക്ടറുകൾ മാറ്റി പുതുതലമുറ കണ്ടക്ടറുകൾ ഉപയോഗിക്കുക തുടങ്ങിയ നടപടികളാണ് സ്വീകരിച്ചുവരുന്നത്. സംസ്ഥാനത്ത് വൈദ്യുതിയുടെ ദുരുപയോഗം തടയുന്നതിനും വൈദ്യുതി മോഷണം കണ്ടുപിടിക്കുന്നതിനും സംസ്ഥാനാടിസ്ഥാനത്തിലുള്ള ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സെക്ഷൻതലത്തിലും ഡിവിഷൻതലത്തിലും സ്പെഷ്യൽ സ്ക്വാഡുകളും നിലവിൽ പ്രവർത്തിച്ചു വരുന്നു. പ്രസ്തുത സ്ക്വാഡുകൾ മിന്നൽ പരിശോധന നടത്തി ക്രമക്കേടുകൾ കണ്ടുപിടിക്കുന്നുണ്ട്. കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014-ലെ നിയമങ്ങൾക്കനുസൃതമായി വൈദ്യുതി മോഷണത്തിനും വൈദ്യുതി ദുരുപയോഗത്തിനുമുള്ള പിഴ ഈടാക്കുന്നുണ്ട്. വൈദ്യുതി മോഷണം പൊതുജനങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ ഇത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അറിയിക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ.-ന്റെ വിജിലൻസ് വിഭാഗം ഓഫീസർമാരുടെയും അതാത് ഓഫീസ് മേലധികാരികളുടെയും ഫോൺ നമ്പർ എല്ലാ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും പ്രദർശിപ്പിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം സംബന്ധിച്ചുള്ള വിവരം കൈമാറുന്നവർക്ക് പാരിതോഷികവും പ്രഖ്യാപിച്ചിട്ടുണ്ട്. വൈദ്യുതി മോഷണം കണ്ടുപിടിക്കപ്പെട്ടാൽ ഉണ്ടാകാവുന്ന ഭവിഷ്യത്തുകളെക്കുറിച്ച് ദൃശ്യമാധ്യമങ്ങളിലൂടെയും പത്രമാധ്യമങ്ങളിലൂടെയും ആവശ്യമായ പ്രചാരം പൊതുജനങ്ങൾക്ക് നൽകുന്നുമുണ്ട്. എന്നാൽ ലോക്ക്ഡൗൺ കാലയളവിൽ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം നിർത്തിവച്ചിരുന്നു. വൈദ്യുതി മോഷണം തടയാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ ഫലപ്രദമെന്നാണ് വിലയിരുത്തുന്നത്.

(സി) നിലവിൽ സംസ്ഥാനത്തിന് പുറത്തുനിന്ന് വൈദ്യുതി വാങ്ങുന്നതിന്റെയും വിൽക്കുന്നതിന്റെയും നിരക്കുകൾ എത്രയെന്ന് വ്യക്തമാക്കാമോ?

2021 മെയ് മാസത്തിലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന് പുറമേയുള്ള വിവിധ സ്രോതസ്സുകളിൽ നിന്നും വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില യൂണിറ്റിന് 4.73 രൂപയാണ്. ഇതിൽ പവർ എക്സ്ചേഞ്ച് വഴി വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വില യൂണിറ്റിന് 1.48 രൂപയാണ്. അധിക ലഭ്യതയുള്ള സമയങ്ങളിൽ വൈദ്യുതി വിൽക്കുന്നത് പവർ എക്സ്ചേഞ്ച് വഴിയാണ്. 2021 ജൂലൈ മാസത്തിലെ കണക്കുകൾ പ്രകാരം പവർ എക്സ്ചേഞ്ച് വഴി വിൽക്കുന്ന വൈദ്യുതിയുടെ ശരാശരി വില യൂണിറ്റിന് 3.28 രൂപയും വാങ്ങുന്ന വില ശരാശരി 1.93 രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly